# സ്റ്റൈപന്റോടുകൂടിയ കയർ ഭൂവസ്ത്ര നിർമ്മാണ വിധാന പരിശീലനം അപേക്ഷകൾ ക്ഷണിക്കുന്നു!

## പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വനിതകൾക്ക് സുവർണ്ണാവസരം!

സംസ്ഥാന പട്ടിക ജാതി വകുപ്പ് കയർവകുപ്പി ന്റെ അനുബന്ധ സ്ഥാപനമായ നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെ ന്റ് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് , സ്റ്റൈപന്റോടുകൂടിയ തൊഴിൽ നൈപുണ്യ പരിശീലനത്തിന് പട്ടികജാതി വിഭാഗത്തിൽപെട്ട വനിതകളിൽ നിന്നും കയർ ഭൂവസ്ത്ര നിർമ്മാണത്തിനും വിധാനത്തിനും അപേക്ഷകൾ ക്ഷണിക്കുന്നു. പരിശീലന സമയത്ത് സ്റ്റൈപന്റും തുടർന്ന് ഇന്റേൺഷിപ്പോടു കൂടിയുള്ള പരിശീലനവും ലഭിക്കുന്നതാണ്.

**പരിശീലനവിഷയം**

- ✓ കയർ ഭൂവസ്ത്ര നിർമ്മാണത്തിൽ പ്രയോഗിക പരിശീലനവും, സാങ്കേതിക പരിജ്ഞാനവും, വിധാന പരിശീലനവും
- ✓ വിവിധതരം കയറുകളെ കുറിച്ചുള്ള അവബോധം

**പരിശീലനകേന്ദ്രം**

- ✓ തിരുവനന്തപുരം കുടപ്പനക്കുന്നിലുള്ള NCRMI ആസ്ഥാനത്തിലെ കാമ്പസ്

**യോഗ്യത**

- ✓ എട്ടാം ക്ലാസ് വിജയിച്ചിരിക്കണം
- ✓ പ്രായപരിധി 50 വയസ്സ്

**സ്റ്റൈപന്റ്:**

- ✓ പ്രതിദിനം 300 രൂപ അടിസ്ഥാനത്തിൽ 35 ദിവസത്തേക്ക് (35x300) 10500 രൂപ സ്റ്റൈപന്റ് ലഭിക്കും.

- ✓ തുടർന്ന് 25 ദിവസത്തെ ഇ ന്റേൺഷിപ്പ് സ്റ്റൈപന്റായി പ്രതിദിനം 675 രൂപ നിരക്കിൽ 16,875 രൂപ ലഭിക്കും

**പരിശീലന കാലയളവും മറ്റ് വിവരങ്ങളും**

- ✓ 35 ദിവസമാണ് പരിശീലനകാലയളവ്
- ✓ 10 പേർ അടങ്ങുന്ന 3 ബാച്ചുകളായിട്ടാണ് പരിശീലിപ്പിക്കുന്നത്.
- ✓ പരിശീലനത്തിന് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പരിശീലന കാലയളവിൽ സൗജന്യ താമസ സൗകര്യവും, ഭക്ഷണവും ലഭ്യമാണ്

താൽപര്യമുള്ള അപേക്ഷകർ ചുവടെ നൽകിയിരിക്കുന്ന ഫോൺ നമ്പറിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യാവുന്നതാണ്.

നമ്പർ : 0471 – 27 30 78 8